# കേരകൃഷി രക്ഷപ്പെടാൻ 'നീര'വേണം

നീര, തെങ്ങിൻ ശർക്കര, തെങ്ങിൻ പഞ്ചസാര എന്നീ മൂല്യവർധിത ഉത്പ്പന്നങ്ങൾ കേരളത്തിലെ കേരകൃഷി രക്ഷപ്പെടാൻ അനിവാര്യമാണെന്ന് കർഷക പ്രതിസന്ധികൾ. കർഷകരുടെ ഉടമസ്ഥതയിലുള്ള തെങ്ങുകളിൽനിന്ന് നീര ചെത്തിയെടുക്കാൻ അനുവദിക്കണം. പുളിപ്പിക്കാത്ത കള്ളിനെ നിലവിലുള്ള അബ്കാരി നിയമത്തിന്റെ പരിധിയിൽ നിന്നൊഴിവാക്കി നിയമഭേദഗതി വരുത്തണമെന്നും ആവശ്യമുയർന്നു.

നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ നേമം നാളികേര ഉൽപാദക സംഘത്തിന്റെ(സിപിഎഫ്) ആഭിമുഖ്യത്തിൽ നീരയെ ആസ്പദമാക്കി നടത്തിയ സംവാദത്തിലാണ് ഈ ആവശ്യമുയർന്നത്. കൃഷി വകുപ്പ് മുൻഡയറക്ടർ ആർ ഹേലി സംവാദത്തിൽ മോഡറേറ്ററായിരുന്നു. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സിപി ജോൺ, മുൻ എം പി ഫ്രാൻസീസ് ജോർജ്ജ്, കേരഫെഡ് മുൻ പുറമെ തിരുവനന്തപുരം,കൊല്ലം, പത്തനംതിട്ട ജില്ലകളിലെ നാളികേര ഉത്പാദക സംഘങ്ങളിലെ കേരകർഷകരും നീര സംവാദത്തിൽ പങ്കെടുത്തു. പോളിസി ബോർഡ് എന്ന നിലയ്ക്ക് നീര പ്രാബല്യത്തിലാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിന്റ എല്ലാവിധ പിന്തുണയും നാളികേര ബോർഡിനും കേരകർഷകർക്കും നൽകുമെന്നു സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സി.പി. ജോൺ അറിയിച്ചു.ഇനി നീരയെ പ്രോസസ്സ്ഡ് ഫുഡ് എന്ന നിലയിലേക്ക് ഉയർത്തണമെന്നും അദ്ദേഹം പറഞ്ഞു. കേരള സർക്കാർ അവരുടെ നയം ബജറ്റിലൂടെ വ്യക്തമാക്കിയെന്നും അദ്ദേഹം കൂട്ടിചേർത്തു. നാളികേര ഉത്പാദക കമ്പനികളെ കൂടുതൽ വികസിപ്പിച്ച് നീര ഉത്പാദനത്തിലേക്ക് തിരിക്കുവാൻ നാളികേര ബോർഡും, കേരള കാർഷിക സർവ്വകലാശാലയും കർഷകരെ സഹായിക്കണം.

വിലത്തകർച്ചയുടെ കാലഘട്ടത്തിൽ കർഷ



നീരയെക്കുറിച്ച് നടത്തിയ സംവാദത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് അംഗം സി.പി.ജോൺ സംസാരിക്കുന്നു.

ചെയർമാൻ എം.സുകുമാരപിള്ള, മുൻ പിഎസ്സി അംഗം ശ്രീ തോമസ് മാത്തുണ്ണി, നാളികേര വികസന ബോർഡ് അംഗങ്ങളായ അഡ്വ. വർക്കല ബി രവികുമാർ, ധർമ്മരാജൻ, ഓൾ ഇന്ത്യ റേഡിയോ പ്രോഗ്രാം എക്സിക്യൂട്ടിവ് മുരളീധരൻ തഴക്കര, കേരള സ്റ്റേറ്റ് ചെത്ത് തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി ശ്രീ എൻ രമേശൻ, കേരള റ്റോഡി ആന്റ് അബ്കാരി മസ്ദൂർ സംഘ് ജനറൽ സെക്രട്ടറി എം കെ ഉണ്ണികൃഷ്ണൻ ,നീര കമ്മിറ്റിയിലെ കർഷക പ്രതിനിധി ബാബു ജോസഫ്, നാളികേര വികസന ബോർഡിലെ പബ്ലിസിറ്റി ഓഫീസർ മിനി മാത്യു, മാർക്കറ്റിംഗ് ഓഫീസർ ദീപ്തി നായർ, അസിസ്റ്റന്റ് മാർക്കറ്റിംഗ് ഓഫീസർ കെ എസ് സെബാസ്റ്റ്യൻ, എന്നിവർക്കു

കന് നീര ചെത്തുവാനുള്ള അവസരം ഉണ്ടാക്കണമെന്ന് ഫ്രാൻസീസ് ജോർജ്ജ് അഭിപ്രായപ്പെട്ടു. 5 തെങ്ങിൽ നിന്ന് 6 മാസം കൊണ്ട് ചെലവു കഴിഞ്ഞ് 62000 രൂപയോളം ലഭിക്കുമെന്ന അവസ്ഥയിൽ നാടിന്റെ സമ്പദ്‌വ്യവസ്ഥക്കു പുറമെ സേവന വേതന വ്യവസ്ഥയിലും കുതിച്ചു ചാട്ടമുണ്ടാക്കാൻ നീരക്കു കഴിയും. കർണ്ണാടകം നീരയുൽപാദിപ്പിച്ചു തുടങ്ങിയെന്നും കേരളത്തിനും നീരയുൽപാദത്തിലൂടെ സാമ്പത്തിക രംഗത്ത് ഏറെ മുന്നോട്ടു പോകുവാൻ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നീരയെ സംബന്ധിച്ച സാങ്കേതിക വിവരണം നാളികേരബോർഡിലെ മാർക്കറ്റിഗ് ഓഫീസർ ദീപ്തി അവതരിപ്പിക്കുകയുണ്ടായി.